# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1970 10.03.2020-ൽ മറുപടിക്ക്

## അമ്മൂമ്മ കല്ലുപാലം സംരക്ഷിക്കുവാൻ പദ്ധതി

**ചോദ്യം**
ശ്രീ.ആർ. രാമചന്ദ്രൻ

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തഴവ ഗ്രാമപഞ്ചായത്തിൽ പാവുമ്പയ്ക്ക് സമീപമുള്ള വളരെ പഴക്കംചെന്ന അമ്മൂമ്മ കല്ലുപാലത്തിന്റെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥർ ഈ സ്ഥലം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (ബി) | പുരാവസ്തു വകുപ്പിലെ ആർട്ടിസ്റ്റ് സൂപ്രണ്ട് പാവുമ്പ കല്ലുപാലം പരിശോധിച്ചിരുന്നു. |
| (സി) | ഈ പാലം സംരക്ഷിക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | (സി) | രാജഭരണ കാലത്തെ കൽത്തച്ചൻമാരുടെ കരവിരുതിന്റെ ഉദാഹരണമാണ് ഈ പാലമെന്നും പൂർണ്ണമായും കരിങ്കല്ലിൽ തന്നെ നിർമ്മിച്ച പാലം അപൂർവ്വമായ ഒരു നിർമ്മിതിയാണെന്നും റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, പുരാവസ്തുവകുപ്പിലെ സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റും കൺസർവേഷൻ എഞ്ചിനീയറും പ്രസ്തുത നിർമ്മിതിയുടെ പൈതൃക മൂല്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമായ ശേഷം ആയത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ